അയൽക്കൂട്ടം, സി.ഡി.എസ്. എന്നീ സാമൂഹ്യ സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തി സാമൂഹ്യ ശാക്തീകരണത്തിലൂടെ നഗര ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുകയാണ് എസ്.ജെ.എസ്.ആർ.വൈ. യിലൂടെ ലക്ഷ്യമിടുന്നത്.

(ബി) 2006-07 മുതൽ 2009-10 വരെ എസ്.ജെ.എസ്.ആർ.വൈ. പദ്ധതി പ്രകാരം വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

തുക ലക്ഷത്തിൽ

വർഷം	ബഡ്ജറ്റ് വിഹിതം
2006-07	1200
2007-08	1200
2008-09	1200
2009-10	1280
ആകെ	4880

(സി) 2006-07 മുതൽ 2009-10 വരെ എസ്.ജെ.എസ്.ആർ.വൈ പദ്ധതി പ്രകാരം വയനാട് ജില്ലയ്ക്ക് വകയിരുത്തിയ തുകയും ചിലവായ തുകയും ചുവടെ ചേർക്കുന്നു.

തുക ലക്ഷത്തിൽ

വർഷം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
2006-07	9.55	2.36
2007-08	7.47	0.00
2008-09	10.67	0.842
2009-10	0.00	0.96

(ഡി) ഈ കാലയളവിൽ എസ്.ജെ.എസ്.ആർ.വൈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 26 വ്യക്തിഗത സംരംഭങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

മൂവാറ്റുപുഴ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്ന ബൈപാസും റിംഗ് റോഡും നിർമ്മിക്കാൻ നടപടി

119 (6037) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ബൈപാസും, റിംഗ് റോഡും നിർമ്മിക്കുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച സർവ്വേ എന്നത്തേക്ക് ആരംഭിക്കുമെന്നും റിപ്പോർട്ട് എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) മൂവാറ്റുപുഴ ടൗണിന്റെ സിറ്റി ഡവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന്റെഭാഗമായി ഗതാഗത മേഖലയെ സംബന്ധിച്ച പഠനങ്ങൾ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ട പ്രകാരം, നാറ്റ്പാക് നടത്തിവരുന്നു.

(ബി) പഠനത്തിന്റെ ഭാഗമായി സർവേകൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ വർഷാവസാനത്തോടെ പഠന റിപ്പോർട്ട് നാറ്റ്പാക്ക് പൂർത്തിയാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കൊല്ലങ്കോട് മണ്ഡലത്തിലെ കൊട്ടയങ്കോട്-നെല്ലിക്കാട് റോഡിന്റെ നവീകരണം

120 (6038) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ കൊട്ടയങ്കോട്-നെല്ലിക്കാട് റോഡ് ത്രിതല പഞ്ചായത്ത് ഫണ്ട് പ്രകാരമോ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയോ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പണി തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നത് എന്താണെന്നും പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത റോഡ് സ്വകാര്യ വ്യക്തികൾ ആരെങ്കിലും കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും റോഡ് അളന്ന് തിട്ടപ്പെടുത്തുന്നതിന് എന്ത് നടപടി വില്ലേജ് അധികൃതരുമായി ചേർന്ന് സ്വീകരിച്ചു എന്നും ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ പ്രസ്തുത സ്ഥലത്ത് നവീകരണ പ്രവർത്തനം നടത്തുന്നതിന് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ പണി തുടങ്ങുന്നതിന് തടസ്സമായി വന്നിരിക്കുന്നത് ബഹു. കേരള ഹൈക്കോടതിയിൽ, എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly